(ഇ) ഇക്കാര്യത്തിൽ ഒരു ദുരൂഹതയും നിലനിൽക്കുന്നില്ല. ഡി.ജി.എസ്. ആന്റ് ഡി റേറ്റ് കോൺട്രാക്റ്റ് അനുസരിച്ചുള്ള വില മാർക്കറ്റ് വിലയേക്കാൾ വളരെ കുറവാണ്. ഇതനുസരിച്ചാണ് ചേസിസുകൾ വാങ്ങിയത്. റിഗ്ഗുകൾ വരുന്നതിനു മുമ്പുതന്നെ ട്രക്കുകൾ വാങ്ങിയെങ്കിൽ മാത്രമേ അവ ഘടിപ്പിക്കുവാൻ സാദ്ധ്യമാകുകയുള്ളൂ. റിഗ്ഗുകൾ വാങ്ങുന്നമുറയ്ക്ക് അവ ചേസിസുകളിൽ ഘടിപ്പിക്കുന്നതാണ്.

65 (2756) സംസ്ഥാനത്ത് ശുദ്ധജലം ലഭിക്കുന്നവർ

ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ശതമാനം പേർക്ക് ഇപ്പോൾ ശുദ്ധജലം ലഭ്യമാക്കാൻ കഴിയുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ശതമാനം ഗ്രാമീണരും എത്ര ശതമാനം നഗരവാസികളും ഉൾപ്പെടുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 3/99-ലെ കണക്കു പ്രകാരം സംസ്ഥാനത്ത് 58% പേർക്ക് ശുദ്ധജലം ലഭിക്കുന്നുണ്ട്.

(ബി) ഇതിൽ 51% ഗ്രാമീണ ജനതയും 77.7% നഗര വാസികളും ഉൾപ്പെടുന്നു.

66 (2757) വാട്ടർ കണക്ഷൻ നൽകുന്നതിന് നിരോധനം

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല വിതരണ പദ്ധതികളുടെ പണികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ വർക്കല മണ്ഡലത്തിലെ പ്രദേശങ്ങളിൽ ഗാർഹിക ആവശ്യത്തിന് വാട്ടർ കണക്ഷൻ നൽകുന്നത് നിർത്തി വച്ചിരിക്കുകയാണോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഈ നിരോധനം എപ്പോൾ മുതലാണ് നിലനിൽക്കുന്നതെന്നും ഇപ്പോഴും തുടരുന്നുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) നിരോധനം ഇപ്പോഴും നിലനിൽക്കുന്നുവെങ്കിൽ എന്നത്തേയ്ക്ക് അവസാനിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) നിരോധനം അവസാനിക്കുന്നതിനെത്തുടർന്ന് ഇവിടെ വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള അധികാരം വാട്ടർ അതോറിറ്റിക്കാണോ മുൻസിപ്പാലിറ്റി/പഞ്ചായത്തുകൾക്കാണോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വാട്ടർ കണക്ഷൻ നൽകുന്നതിന് ഇപ്പോഴും നിരോധനം തുടരുന്ന വർക്കല മണ്ഡലത്തിലെ പഞ്ചായത്തുകളും മറ്റു പ്രദേശങ്ങളും ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗാർഹിക ആവശ്യത്തിന് ഇപ്പോൾ പൂർണ്ണമായ നിരോധനമില്ല (മുമ്പ് ജല ദൗർലഭ്യംമൂലം കണക്ഷനുകൾ പൂർണ്ണമായും നിറുത്തിവച്ചിരുന്നു. പൊതുജന സമ്മർദ്ദത്തെത്തുടർന്ന് ചില ഉപാധികൾക്കനുസരണമായി ജല ദൗർലഭ്യം അധികം രൂക്ഷമല്ലാത്ത സ്ഥലങ്ങളിൽ ഗാർഹിക കണക്ഷനുകൾ കൊടുക്കുന്നുണ്ട്.)

(ബി) 1993 മുതൽ വാട്ടർ കണക്ഷൻ നൽകുന്നതു നിറുത്തിവച്ചി രുന്നു. ഇപ്പോൾ ചില ഉപാധികൾക്കനുസരണമായി ജല ദൗർലഭ്യം അധികം രൂക്ഷമല്ലാത്ത സ്ഥലങ്ങളിൽ ഗാർഹിക കണക്ഷനുകൾ കൊടുക്കുന്നുണ്ട്.

(സി) ഇപ്പോൾ പണി നടന്നുവരുന്ന വർക്കല വാട്ടർ സപ്ലൈ സ്കീം പൂർത്തിയാകുമ്പോൾ നിലവിലുള്ള നിരോധനം അവസാനിപ്പിക്കാൻ കഴിയും.

(ഡി) വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള അധികാരം വാട്ടർ അതോറിട്ടിക്കാണ്.

(ഇ) ഇടവ, വടശ്ശേരിക്കോണം, നാവായിക്കുളം, മടവൂർ, വെട്ടി മൻകോണം, മണമ്പൂർ, ശ്രീനിവാസപുരം എന്നീ പ്രദേശങ്ങളിൽ വാട്ടർ കണ ക്ഷൻ നൽകുന്നതിന് ഇപ്പോഴും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

67 (2758) മലപ്പുറം ജില്ലയിലെ ജല വിതരണ പദ്ധതി

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പണി പൂർത്തിയാകാത്ത എത്ര ശുദ്ധജല വിതരണ പദ്ധതികൾ ഉണ്ട്; അവ ഏതെല്ലാം;

(ബി) ഇതിന്റെ പണിയുടെ പുരോഗതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഇത് എന്നത്തേയ്ക്ക് പൂർത്തിയായി ജല വിതരണം നട ത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) മലപ്പുറം ജില്ലയിൽ പണി പൂർത്തിയാകാത്ത 25 ശുദ്ധജല വിതരണ പദ്ധതികൾ ഉണ്ട്. പദ്ധതിയുടെ പേര്, പുരോഗതി, അവ പൂർത്തിയാ ക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന തീയതി എന്നിവ അനുബന്ധമായി കൊടുത്തി ട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly